# ജാമക്കാരൻ

# JAMAKKARAN


**VOLUME - 3** **Reg NO.TNBIL/2016/70171** **ISSUE - 4**

**APRIL - 2019 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com




കർത്താവിൻ പ്രിയരെ,

നിങ്ങൾ എല്ലാവർക്കും ജീവനുള്ള യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ എന്റെ സ്നേഹവന്ദനം.

ഈ മാസം (2019 ഏപ്രിൽ) ജാമക്കാരൻ മാസികയിൽ C.S.I സഭക്കാർക്ക് വരാൻ പോകുന്ന **ആപത്തായ** കാര്യങ്ങളെ ഞാൻ എഴുതിയിരിക്കുന്നു. നമ്മുടെ **സി.എസ്.ഐ മോഡറേറ്റർ** പുറപ്പെടുവിച്ച പ്രസ്താവന, വേദപുസ്തകത്തിനു സമാന്തരമായി അവർ പ്രസിദ്ധീകരിച്ച **EARTH BIBLE SERMONS** എന്ന പുസ്തകത്തിലുള്ള വിഷയങ്ങളെ ഇനിയും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടില്ല. അത് പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ മോഡറേറ്റർ അവർകൾ ശ്രമിക്കുന്ന കാര്യം അറിയുമ്പോൾ, ഇവരുടെ ആത്മീകവളർച്ച എത്രത്തോളമാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

W.C.C എന്ന ലോകസഭകളുടെ ആസ്ഥാനത്തുനിന്നും പുറപ്പെടുവിക്കുന്ന ഇത്തരം തെറ്റായ കൽപനകൾ അതേപടി അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നത് വളരെ സൂക്ഷിക്കണം.

# APRIL - 2019

വേദപുസ്തകത്തിൽ ഇല്ലാത്ത വിഷയങ്ങൾ ഞാൻ എന്റെ സി.എസ്.ഐ. സഭകൾക്ക് ഒരിക്കലും പരിചയപ്പെടുത്തുന്നില്ല. നാളെ ദൈവം എന്നോടാണ് അതിന് കണക്ക് ചോദിക്കുന്നത് എന്ന് മോഡറേറ്ററും എല്ലാ ബിഷപ്പുമാരും W.C.C യോടു ധൈര്യത്തോടെ ഏറ്റുപറയണം എന്ന് ഞാൻ സി.എസ്.ഐ. സഭാവിശ്വാസികളുടെ പേരിലും എന്റെ സ്വന്തം പേരിലും താഴ്മയായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഞാൻ ഇതിൽ എഴുതിയിരിക്കുന്ന കാര്യങ്ങളുടെ തെളിവിനായി മുകളിൽ സൂചിപ്പിച്ചിട്ടുള്ള **ലന്തുകാല ധ്യാനപ്രസ്താവനയും,** EARTH BIBLE SERMONS VOL-I ന്റെ യും കോപ്പികൾ **സിനഡ് ഓഫീസിൽ** നിന്നും **ഡയോസിസ് ഓഫീസുകളിൽ** നിന്നും ചോദിച്ച് വാങ്ങി പരിശോധിക്കാവുന്നതാണ്. ഞാൻ എഴുതിയതിൽ കള്ളമോ വ്യാജപ്രചരണമോ ഉണ്ടെന്ന് ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ ആവിവരം എന്നെ നേരിട്ടോ, കത്തുമുഖേനയോ, ഇ–മെയിൽ വഴിയോ അറിയിക്കാവുന്നതാണ്. ഇന്ത്യയിലും വിദേശത്തുമുള്ള സി.എസ്.ഐ. സഭാവിശ്വാസികൾ ഈ പ്രത്യേക വിഷയങ്ങളെക്കുറിച്ച് സിനഡിനോടോ, മോഡറേറ്ററോടോ, ബിഷപ്പുമാരോടോ ചോദിക്കണം. എല്ലാ മതവും ഒന്ന്, എല്ലാ ദൈവവും ഒന്ന് എന്ന വിഷയത്തെക്കുറിച്ച് ഞാൻ ജാമക്കാരനിൽ സൂചിപ്പിച്ചത്, നിങ്ങൾ സിനഡിനോട് പറഞ്ഞ് തടഞ്ഞതുപോലെ ഈ പ്രത്യേക ആപത്തായ വിഷയങ്ങളെയും പറഞ്ഞ്, തടഞ്ഞ്, സി.എസ്.ഐ. സഭകളെ ഈ ആപത്തിൽ നിന്നും രക്ഷപ്പെടുത്തണം. അവസാനമായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്, ഈ **മൂന്നാംലിംഗക്കാരുടെ** (Third Gender) കൂട്ടത്തിൽ ഉള്ളവർ ദൈവത്താൽ അങ്ങനെ സൃഷ്ടിക്കപ്പെട്ടവരല്ല. **മനുഷ്യാവകാശത്തിന്റെ** പേരിൽ ക്രിസ്തീയ സഭയ്ക്കുള്ളിൽ അംഗീകരിക്കപ്പെടേണ്ടവരല്ല ഭിന്നലിംഗക്കാർ. ഉല്പത്തി പുസ്തകത്തിൽ കർത്താവു പറഞ്ഞതുപോലെ മനുഷ്യനെ ആണും പെണ്ണുമായിട്ട് മാത്രമാണ് സൃഷ്ടിച്ചത്. നമ്മുടെ സി.എസ്.ഐ സഭകൾക്കു വേണ്ടിയും സഭയുടെ നേതാക്കൾക്കുവേണ്ടിയും നമുക്ക് ഉപവസിച്ചു പ്രാർത്ഥിക്കാമോ? നിങ്ങൾ എല്ലാപേർക്കും വേണ്ടി ഞാൻ തുടർന്നും പ്രാർത്ഥിക്കുന്നു. മാർച്ച് മാസം എഴുതിയ സഭാചരിത്രം തുടർന്നു എഴുതും.

ഡോ. പുഷ്പരാജ്

# സി.എസ്.ഐ സഭകൾക്ക് ആപത്ത്

കർത്താവിൻ പ്രിയവായനക്കാർക്ക്, ഇപ്പോൾ ഞാൻ എഴുതുവാൻ പോകുന്ന ഈ പ്രത്യേക വിഷയം മറ്റു സഭക്കാർക്ക് പ്രയോജനം ഉണ്ടാകുകയില്ല. ഞങ്ങൾ കുടുംബമായി ആരാധിക്കുന്ന ഞങ്ങളുടെ സി.എസ്.ഐ സഭയെക്കുറിച്ച് സി.എസ്.ഐ സഭയിൽ ഉള്ളവർക്കുമാത്രം ഈ വിഷയം പ്രയോജനപ്പെടും. ഈ വിഷയം സി.എസ്.ഐ സഭയ്ക്കുള്ള മുന്നറിയിപ്പായും ബോധവൽക്കരണത്തിനായും എഴുതുന്നു.

പിശാച് സി.എസ്.ഐ സഭകളെമാത്രം ഉദ്ദേശിച്ച്, സഭകളെ നടത്തുന്ന തലവൻമാരായ മോഡറേറ്റർ മുതൽ ബിഷപ്പുമാർ വരെ തങ്ങളുടെ കളിപ്പാവകളാക്കി നമ്മുടെ സി.എസ്.ഐ സഭകളെ വേദവചനത്തിന് എതിരായി ജീവിക്കുവാൻ ശ്രമിപ്പിക്കുന്ന വിവരങ്ങൾ മനസ്സിലാക്കി നിങ്ങളെത്തന്നെ ജാഗ്രതപ്പെടുത്തുവിൻ പ്രധാനമായും സി.എസ്.ഐ സഭകളെ ഡയോസിസ് ഭാരവാഹികളും സഭാകമ്മറ്റി അംഗങ്ങളും സഭാംഗങ്ങളും ചേർന്ന് സി.എസ്.ഐ സഭകൾക്ക് വരുവാൻ പോകുന്ന ആപത്തുകളിൽ നിന്നും എങ്ങനെ രക്ഷപ്പെടാം എന്നുള്ളതിന് പദ്ധതികൾ തയ്യാറാക്കുക. **അച്ചൻമാരെ ഇതിൽ ചേർക്കണ്ട.** കാരണം അവർ അധികാരചങ്ങലകളാൽ ബന്ധിക്കപ്പെട്ടവരാണ്.

## ആദ്യം നിങ്ങൾ മനസ്സിലാക്കേണ്ടത്

സി.എസ്.ഐ, ലൂഥറൻ തുടങ്ങിയ മെയിൻലൈൻ സഭകളിലെ അധികാരികൾ മോഡറേറ്ററോ, ബിഷപ്പുമാരോ അല്ല. സഭാ വിശ്വാസികളായ നിങ്ങളാണ് അധികാരികൾ. അതിന് നമ്മുടെ സഭാചട്ടം **കോൺഗ്രിനേഷനൽ, ഡോമിനേഷൻ** എന്ന് പറയപ്പെടുന്നു. ജനങ്ങൾക്കു വേണ്ടിയാണ് സഭയും പള്ളികളും സ്ഥാപിച്ചിരിക്കുന്നത്. അതുപോലെ സഭയ്ക്ക് വേണ്ടിയുള്ള വിശ്വാസികളല്ല, വിശ്വാസികൾക്കുവേണ്ടിയുള്ളതാണ് സഭ. ഇപ്പോഴുള്ള

സഭയുടെ ക്രമപ്രകാരം സഭാവിശ്വാസികളുടെ വേലക്കാരാണ് മോഡറേറ്ററും, ബിഷപ്പുമാരും. അതായത്, അവർ സഭാ വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ടവരാണ്. അതുപോലെതന്നെ, സഭാവിശ്വാസികളുടെ ആവശ്യങ്ങളെ പൂർത്തികരിക്കേണ്ടവരുമാണ്. ഈ സത്യം അറിയാതെ ബിഷപ്പുമാരേയും മോഡറേറ്ററേയും രാജാക്കൻമാരായി സ്തുതി പാടുന്നതുകൊണ്ട് അവർ എന്തു പറഞ്ഞാലും അതെല്ലാം അടിമകളെപ്പോലെ സഭാജനങ്ങൾ അനുസരിക്കുന്നു. നമുക്ക് ചോദ്യം ചോദിക്കുവാനുള്ള അധികാരമില്ല എന്ന് നാം തെറ്റിദ്ധരിക്കുന്നു. സി.എസ്.ഐ, ലൂഥറൻ സഭകളുടെ ഈ പ്രോട്ടോക്കോൾ നിയമങ്ങൾ നാം മനസ്സിലാക്കാത്തിടത്തോളം നാം അടിമകളായിത്തന്നെ തുടരും. അതുകൊണ്ടുതന്നെ എതിർ ക്രിസ്തുവിന്റെ ആളുകൾ ആദ്യം മോഡറേറ്റർ മുതൽ ബിഷപ്പുമാർ വരെയുള്ള ഉയർന്ന പദവിയിലുള്ളവരെ തന്റെ വരുതിയിലാക്കുന്നു. (എല്ലാ മോഡറേറ്റർമാരേയും ബിഷപ്പുമാരേയും ഉദ്ദേശിച്ചല്ല ഞാനിത് എഴുതുന്നത്). ചില മോഡറേറ്റർമാരും ബിഷപ്പുമാരും ആണ് ഈ എതിർ ക്രിസ്തുവിന്റെ വലയിൽ കുടങ്ങിപ്പോയത് എന്നുള്ളത് വായനക്കാർ മനസ്സിലാക്കണം. എതിർ ക്രിസ്തുവിന്റെ ആളുകൾ നിർദ്ദേശിക്കുന്നത് മോഡറേറ്ററും, മോഡറേറ്റർ നിർദ്ദേശിക്കുന്നത് ബിഷപ്പുമാരും അനുസരിക്കുന്നു. ബിഷപ്പുമാർ അച്ചൻമാരോട് നിർദ്ദേശിക്കുന്നത് സഭാ ജനങ്ങൾ തലതാഴ്ത്തി ആടുകളെപ്പോലെ അനുസരിക്കുന്നു. ഇനിയാണ് സി.എസ്.ഐ സഭകൾക്ക് വരാൻപോകുന്ന ആപത്ത് എന്താണെന്ന് വിശദീകരിക്കുവാൻ പോകുന്നത്.

## സി.എസ്.ഐ സഭയ്ക്കുള്ളിൽ എതിർ ക്രിസ്തുവിന്റെ ആളുകളുടെ പ്രവേശനം

യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയത്ത് എതിർക്രിസ്തു വെളിപ്പെടും എന്നുള്ളത് പ്രവചനമായി എഴുതപ്പെട്ടിട്ടുള്ളത് നമുക്കെല്ലാം അറിയാവുന്നതാണ്. എതിർ ക്രിസ്തു പ്രത്യക്ഷമായി വെളിപ്പെടും മുൻപ് അവന്റെ (പിശാചിന്റെ) ആളുകൾ എതിർ ക്രിസ്തുവിന്റെ വഴിയെ ഒരുക്കും.

(പിശാചും എതിർ ക്രിസ്തുവും ഒരേ ആളുതന്നെ) വേദപുസ്തകത്തിൽ, ലോകത്തിൽ യേശുക്രിസ്തു വരുന്നതിനു മുൻപ് ക്രിസ്തുവിനുവേണ്ടി വഴി ഒരുക്കുവാൻ പിതാവായ ദൈവം **യോഹന്നാൻ സ്നാപകനെ** അയച്ചു. അതുപോലെ തന്നെ **എതിർക്രിസ്തുവും** തന്റെ ആളുകളെ ലോകത്തിൽ അയച്ചുകഴിഞ്ഞു. എതിർക്രിസ്തുവിന്റെ ആളുകൾ ലോകത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

എതിർക്രിസ്തുവിന്റെ ആളുകൾ തന്റെ പദ്ധതിയെ നിറവേറ്റുവാൻ ലോകത്തിൽ ഏറ്റവും വലിയ ക്രിസ്തീയ സഭകളുടെ നേതൃത്വങ്ങളെ തന്റെ വരുതിയിലാക്കി കഴിഞ്ഞു. ആ ക്രൈസ്തവസഭകളുടെ ആ സ്ഥാനത്തിന്റെ പേരാണ് ***W.C.C (WORLD CHURCH COUNCIL)*** (ആഗോള ക്രൈസ്തവ സഭയുടെ നിർദ്ദേശകമ്മിറ്റി. തെളിവ്:– ***http:// CSI 1947.com/ECOLOGICAL CONCERNS/UPLOADS/RESOURCES DOCUMENTS IKOS.PDF.***

എതിർക്രിസ്തുവിന്റെ ആളുകൾ ഈ ***W.C.C*** യെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നതിനുശേഷം സഭാജനങ്ങൾ ദൈവത്തിന് കൊടുത്തുകൊണ്ടിരിക്കുന്ന മഹത്വത്തെ അവരിൽ നിന്നും തുടച്ചുമാറ്റുന്ന പ്രവർത്തിയിൽ മുഴുകിക്കഴിഞ്ഞു.

1. നമ്മുടെ ക്രിസ്തീയ അടിസ്ഥാന വിശ്വാസമായ, യേശുക്രിസ്തു പറഞ്ഞ:

**ഞാൻ തന്നെ** – വഴി

**ഞാൻ തന്നെ** – സത്യം


**ഞാൻ തന്നെ** – ജീവൻ

**ഞാൻ തന്നെ** – വാതിൽ

ഈ വാതിൽ (യേശു) വഴിയായിട്ടല്ലാതെ ആർക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. (യോഹ: 14:6, 10:9)

2. "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ (യേശു എന്ന നാമമല്ലാതെ) ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട

വോറൊരു നാമവും ഇല്ല". (അപ്പൊ: 4:12). യേശുക്രിസ്തു ഉപദേശിച്ച മുകളിലുള്ള ഉപദേശങ്ങളെല്ലാം വിട്ടിട്ട് ക്രിസ്ത്യാനികളെ വചനത്തിൽ നിന്നും വേർപെടുത്തി ബൈബിളിൽ ഇല്ലാത്ത നവീന ഉപദേശങ്ങളെ സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറുവാനുള്ള ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു. W.C.C വഴിയായി എല്ലാ ദേശങ്ങളിലെയും സംസ്ക്കാര വിഗ്രഹദൈവങ്ങളെയും പിശാചിന്റെ ആത്മാക്കളെ ദൈവമായി ചേർത്ത് മറ്റു വിഗ്രഹങ്ങളെപ്പോലെ യേശുവും ഒരു ദൈവം തന്നെ എന്ന് അറിയിക്കുന്നു. **എല്ലാ ദൈവവും ഒന്ന്, എല്ലാ മതവും ഒന്ന്** എന്നുള്ള പുതിയ സിദ്ധാന്തത്തെ സി.എസ്.ഐ. സഭയുടെ ആശയമാക്കി, അതിനെ കല്പനയാക്കി സഭയ്ക്കുള്ളിൽ നുഴച്ചുകയറ്റി. ഇങ്ങനെയുള്ള നവീന ഉപദേശ കുഴപ്പങ്ങൾ ***W.C.C*** യുടെ ആരംഭ ദിശയിൽ ഉണ്ടായിരുന്നില്ല.


**Rt.Rev. Samul Amirtham**

ജനീവയിൽ ***W.C.C*** യോട് ബന്ധപ്പെട്ട ആഗോള ക്രൈസ്തവസഭാ നേതാക്കൻമാർ ഒത്തുചേർന്ന അവസരത്തിൽ പിശാചിന്റെ പദ്ധതിപ്രകാരം പൈശാചിക വിഷം അവിടെ കൂടിയവരുടെ ഉള്ളിൽ പകർന്നു. ഇതിനുവേണ്ടി സൗത്ത് ഇൻഡ്യയിൽ, ദക്ഷിണ കേരള മഹായിടവക ബിഷപ്പായിരുന്ന ***Rt. Rev.*** ശാമുവൽ അമൃതം അവർകളെ തെരഞ്ഞെടുത്തു. എതിർക്രിസ്തുവിന്റെ ആൾക്കാർ, ഇദ്ദേഹം ബിഷപ്പാകുന്നതിനും വളരെ മുമ്പേ തന്നെ ഇദ്ദേഹത്തെ ഇതിനായി ഒരുക്കിവച്ചിരുന്നു. തമിഴ്നാട്ടിൽ മധുരയിലെ അരശരടി എന്ന സ്ഥലത്തിൽ ഉള്ള തമിഴ്നാട് ബൈബിൾ കോളേജ് ***(T.T.C)*** അതിന്റെ പ്രിൻസിപ്പൽ ആയിരുന്ന അദ്ദേഹത്തെ കണ്ടുപിടിച്ചു. ഇദ്ദേഹത്തിന്റെ വഴിയായി ആദ്യത്തെ പദ്ധതിയെ (എതിർക്രിസ്തുവിന്റെ) നടപ്പിലാക്കി. അന്നത്തെ കാലത്തിൽ തിയോളജിക്കൽ സെമിനാരി (മധുരെ)യുടെ പ്രവേശനകവാടത്തിൽ ശിവൻ, ബ്രഹ്മാവ്, സരസ്വതി എന്നിവരുടെ പ്രതിമകൾ സ്ഥാപിച്ചു. അതിന്റെ നടുവിൽ ഒരു ക്രൂശും അതിന്റെ മുകളിൽ ഓം എന്ന അക്ഷരത്തെയും യോജിപ്പിച്ച് വച്ചിരുന്നു. ആദ്യമായി അവിടെ

കടന്നുവരുന്നവർക്ക് ഒരു അമ്പലത്തിൽ പ്രവേശിക്കുന്ന പ്രതീതിയാണ് ഉള്ളവാക്കിയിരുന്നത്. സി.എസ്.ഐ യിലെ എല്ലാ അച്ചൻമാരും ഈ ബൈബിൾ കോളേജിൽ തന്നെ പഠിക്കണം എന്നും നിയമം ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഈ നവീന വിഗ്രഹപ്രതിഷ്ഠയെ അന്നത്തെ ഡയോസിസുകളെ ഭരിച്ചിരുന്ന ഒരു ബിഷപ്പുപോലും തടയുകയോ വിമർശിക്കുകയോ ചെയ്തിട്ടില്ല.


♦ പല വർഷങ്ങൾക്കു മുൻപ് ബിഷപ്പ് ***Rt. Rev.*** ശാമുവൽ അമൃതം അവർകൾ ദക്ഷിണ കേരള മഹായിടവകയുടെ ബിഷപ്പ് ആയതിനുശേഷം രോഗക്കിടക്കയിലായി. മൂത്രത്തിൽ കല്ല് ഉണ്ടായി മരണവേദന അനുഭവിച്ചു. ആശുപത്രിയിൽ കിടന്നപ്പോൾ അച്ചൻമാരെല്ലാം കിടക്കയെ ചുറ്റി നിന്ന് പ്രാർത്ഥിക്കുകയുണ്ടായി. എന്നിട്ടും രോഗത്തിൽ നിന്നും ആശ്വാസം ലഭിച്ചില്ല. അക്കാലത്ത് രോഗശാന്തി വരം ലഭിച്ച ഒരു ദൈവവേലക്കാരന്റെ യോഗം തിരുവനന്തപുരത്ത് നടന്നു. അദ്ദേഹത്തെ ആശുപത്രിയിലേയ്ക്ക് വിളിച്ചുകൊണ്ടുവന്ന് ബിഷപ്പിനുവേണ്ടി പ്രാർത്ഥിപ്പിച്ചു. അദ്ദേഹം കൈവച്ച് പ്രാർത്ഥിച്ചിട്ടും രോഗസൗഖ്യം ലഭിച്ചില്ല. വേദന കൂടിക്കൊണ്ടേയിരുന്നു. അതിനുശേഷം ബിഷപ്പിന്റെ പഴയ സുഹൃത്തായ ഒരു ശിവഭക്തൻ ബിഷപ്പിനെ കാണുവാൻ വന്നു. അദ്ദേഹം കണ്ണടച്ച് ശിവമന്ത്രം ജപിച്ച് ഒരു ഭസ്മപ്പൊതി ബിഷപ്പിന്റെ തലയണയുടെ അടിയിൽവെച്ചിട്ട് മടങ്ങിപ്പോയി. അദ്ദേഹം മുറിവിട്ടുപോയി ചില മണിക്കൂറുകൾ കഴിഞ്ഞ് ബിഷപ്പ് അവർകളുടെ വേദന മാറി സൗഖ്യം പ്രാപിച്ചു. തനിക്കുലഭിച്ച ഈ രോഗസൗഖ്യത്തെക്കുറിച്ച് തന്റെ സാക്ഷ്യമായി ഡയോസിസ് മാസിക (ക്രൈസ്തവ ദീപിക) യിൽ പ്രസിദ്ധീകരിച്ചത് വായനക്കാർക്ക് അറിയാവുന്നതാണല്ലോ. ബിഷപ്പ് അവർകൾ തന്റെ സാക്ഷ്യത്തിൽ യേശുക്രിസ്തുവിൽ നിന്നും മാത്രമേ സൗഖ്യം ലഭിക്കുകയുള്ളൂ എന്ന വിശ്വാസത്തെ മാറ്റണം, മറ്റു ദൈവങ്ങളും (ശിവൻ) സൗഖ്യം കൊടുക്കും എന്നുള്ളത് എന്റെ സാക്ഷ്യം വഴിയായി എല്ലാവരും മനസ്സിലാക്കണം എന്ന് എഴുതി. ഇതുവായിച്ച് മറ്റ് ക്രിസ്ത്യാനികളും ഡയോസിസിലെ ഭൂരിഭാഗം വിശ്വാസികളും ഞെട്ടിപ്പോയി. ബിഷപ്പ് ശാമുവൽ അമൃതം, ക്രിസ്തീയ സഭകളുടെ ബിഷപ്പോ, അതോ മറ്റ് ഹൈന്ദവരുടെ

വക്താവായി പ്രവർത്തിക്കുന്ന ആളോ എന്നുള്ള ചർച്ചകളും തർക്കങ്ങളും ഉണ്ടായി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് ഓണം, കേരളക്കാരുടെ സംസ്ക്കാര പെരുന്നാൾ ആണെന്നും ആയതിനാൽ ഓണം പെരുന്നാളിനെ ക്രിസ്ത്യാനികളും ആഘോഷിക്കണം എന്നും, സി.എസ്.ഐ സഭാ ആരാധനയിൽ വേദപാഠവായനസമയത്ത് 1–ാം ഭാഗവും 2–ാം ഭാഗവും വായിച്ചു കഴിഞ്ഞതിനുശേഷം 3–ാം വായനയായി ഗീതയിൽ നിന്നും ചില വരികൾകൂടെ വായിക്കണം എന്ന് അച്ചൻമാർക്ക് നിർദ്ദേശം നൽകി. വീണ്ടും അച്ചൻമാരും സഭാവിശ്വാസികളും ഞെട്ടിപ്പോയി. മുകളിലുള്ള ഈ വിവരങ്ങളെ ചില അച്ചൻമാർ എനിക്ക് എഴുതി അറിയിച്ചു. ഇതിന് ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്നും അവർ ചോദിച്ചു. നിങ്ങൾ സഭാ കമ്മിറ്റികൾകൂടി തീരുമാനം എഴുതി, ഈ നവീന ഉപദേശങ്ങളെ ഞങ്ങൾ വെറുക്കുന്നു എന്ന് നിങ്ങളുടെ ബിഷപ്പിനും, മറ്റു ഡയോസിസുകളിലെ ബിഷപ്പുമാർക്കും, മോഡറേറ്റർക്കും എഴുതി അറിയിക്കുവാൻ ഞാൻ നിർദ്ദേശിച്ചു. അതിനുശേഷം, ഭൂരിപക്ഷം സഭാവിശ്വാസികളും അച്ചൻമാരും തന്റെ നിർദ്ദേശത്തെ എതിർക്കുന്നു എന്നറിഞ്ഞ ബിഷപ്പ്, തന്റെ അഭിപ്രായത്തെ ഇഷ്ടപ്പെടുന്ന സഭകളും അച്ചൻമാരും ഇതിനെ കൈക്കൊള്ളാം, ഇഷ്ടമില്ലാത്ത സഭകളും അച്ചൻമാരും അതിനെ സഭയിൽ അടിച്ചേൽപ്പിക്കേണ്ട എന്നും പറഞ്ഞ് തന്റെ നിർദ്ദേശത്തെ പിൻവലിച്ചു. ഇങ്ങനെയുള്ള പിശാചിന്റെ നവീന ഉപദേശങ്ങളെ ***W.C.C*** യുടെ പ്രവർത്തനത്തിൽ ആദ്യമായി കൊണ്ടുവന്നത് ബിഷപ്പ് ശാമുവൽ അമൃതമാണ്. ഇദ്ദേഹത്തിന് പിന്തുണയായി പ്രവർത്തിച്ചത് ***UTC*** (ബാംഗ്ലൂർ) ബൈബിൾ കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ. റസ്സൽ അവർകളാണ്. ഇവർ എല്ലാവരും എതിർ ക്രിസ്തുവിന്റെ തെരഞ്ഞെടുക്കപ്പെട്ട വക്താക്കളായിരുന്നു. ഇൻഡ്യയിലെ ഏറ്റവും വലിയ സഭയായ സി.എസ്.ഐ (ചർച്ച് ഓഫ് സൗത്ത് ഇന്ത്യ) സഭയ്ക്കുള്ളിൽ ആദ്യമായി തന്റെ നവീന ഉപദേശത്തിൽകൂടി പിശാച് വിഷം കലർത്തുവാൻ ശ്രമിച്ചു.

**ആദ്യ ശ്രമം**

ഈ നവീന ഉപദേശത്തെ തന്നെ തമിഴ്നാട്ടിലെ തിരുനൽവേലിയിൽ 1992–ാം വർഷം നടന്ന 22 ഡയോസിസുകളിലെയും ബിഷപ്പുമാരും അച്ചൻമാരും മോഡറേറ്ററും ചേർന്ന സി.എസ്.ഐ സിനഡ്യോഗത്തിൽ ഉപയോഗിച്ച

ആരാധനക്രമം *(LITURGE)* പുസ്തകത്തിൽ അച്ചടിച്ച് അതിനെ എല്ലാ ബിഷപ്പുമാരുടെയും കൈകളിൽ കൊടുത്ത് എല്ലാവരും അതിനെ വായ്കൊണ്ട് ഏറ്റുപറയുവാൻ ഉള്ള ഏർപ്പാടുചെയ്തു.




ഈ ആരാധനക്രമത്തിൽ അച്ചടിക്കപ്പെട്ട വാക്കുകൾ എന്തെന്നാൽ, മോഡറേറ്റർ മുതൽ എല്ലാ ബിഷപ്പുമാരും ചേർന്ന് പ്രാർത്ഥിച്ച ആരംഭവാക്കുകൾ ഇപ്രകാരമാണ്.

(ഇംഗ്ലീഷിൽ നിന്നും തർജ്ജമ ചെയ്യപ്പെട്ടത്)

ഞങ്ങൾ ദൈവമേ, നിന്റെ മനസ്സലിവിനെ യേശുവിൽ കാണുന്നു.

നീ തന്നെ ശിവനായിരുന്നു ദയ കാണിക്കുന്നവനായി ഇരിക്കുന്നു.

നീ തന്നെ അള്ളാഹുവായി കൃപയുള്ളവനായി ഇരിക്കുന്നു.

നീ തന്നെ ബുദ്ധമതക്കാർ ആരാധിക്കുന്ന മനസ്സലിവുള്ള ബുദ്ധനായി ഇരിക്കുന്നു.

താമരപ്പൂക്കളെ കയ്യിലെടുത്ത് നിന്നെ ഞങ്ങൾ ചുറ്റിവന്ന് തൊഴുന്നു.

ഇങ്ങനെയുള്ള പ്രാർത്ഥനാവാക്കുകൾ എല്ലാ ബിഷപ്പുമാരും ഏറ്റുപറഞ്ഞ്

ആമേൻ പറഞ്ഞു. ആമേൻ എന്നുപറഞ്ഞാൽ, അങ്ങനെതന്നെ ആകട്ടെ എന്നാണ് അർത്ഥം. അത്രയുമല്ല, ഒരു കാര്യം ഉറപ്പിക്കുവാൻ ആമേൻ എന്നവാക്കും ഉപയോഗിക്കുന്നു, യേശുവേ നീ തന്നെ അല്ലാഹു, നീ തന്നെ ശിവൻ, നീ തന്നെ ബുദ്ധൻ, നിന്നെ താമരപ്പൂക്കളാൽ ആരാധിക്കുന്നു എന്ന് ദൈവഭയമില്ലാതെ എല്ലാ ബിഷപ്പുമാരും വായതുറന്ന് ആമേൻ എന്ന് പറയിച്ചല്ലോ? ഇത് എത്ര വലിയ ദൈവദൂഷണമാണ്. ഈ പ്രശ്നം ഇതോടെ അവസാനിച്ചിട്ടില്ല. ഇതേ ആരാധനക്രമത്തെ ദക്ഷിണേന്ത്യയിലെ എല്ലാ സി.എസ്.ഐ ആരാധനക്രമപുസ്തകത്തിലും ചേർത്ത് എല്ലാ സി.എസ്.ഐ സഭാജനങ്ങളെയും ആരാധിപ്പിക്കുവാനുള്ള പിശാചിന്റെ തന്ത്രങ്ങളെ ജാമക്കാരൻ മുഖാന്തരം തോൽപ്പിക്കുവാൻ സാധിച്ചു. ബിഷപ്പുമാർ ഉപയോഗിച്ച ആരാധനക്രമത്തിന്റെ ഫോട്ടോകോപ്പി എടുത്ത് അന്നത്തെ സമയത്ത് ഉണ്ടായിരുന്ന 22 ഡയോസിസുകളിലും ഉള്ള സി.എസ്.ഐ സഭാ വിശ്വാസികൾക്ക് അയച്ച് ഈ ആരാധനക്രമത്തെ ഞങ്ങൾ വെറുക്കുന്നു, എതിർക്കുന്നു എന്ന് ഓരോ സഭക്കാരും മോഡറേറ്റർക്കും ബിഷപ്പുമാർക്കും അറിയിക്കുവാൻ മാസിക വഴിയായി ഞാൻ നിർദ്ദേശം കൊടുത്തു. ഉടനെ തന്നെ ഈ ആരാധനക്രമം തിരികെ വാങ്ങപ്പെട്ടു. ഇത് എതിർ ക്രിസ്തുവിന്റെ ആദ്യശ്രമം ആയിരുന്നു. പക്ഷേ അത് പടുതോൽവിയായിപ്പോയി.

## എതിർക്രിസ്തു വിഭാഗത്തിന്റെ രണ്ടാം ശ്രമം

- യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു മുമ്പ് വിശ്വാസദ്രോഹം ഉണ്ടാകും എന്ന് നമ്മുടെ വേദപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. “ഒരുവിധത്തിലും നിങ്ങളെ ആരും വഞ്ചിക്കരുത്. എന്തുകൊണ്ടെന്നാൽ ആ ദിവസം വന്നുചേരുന്നതിന് മുമ്പ് അനവധിയാളുകൾ ദൈവവിശ്വാസം ത്യജിക്കും; നാശത്തിന്റെ അധർമമൂർത്തി പ്രത്യക്ഷപ്പെടും”. (2 തെസ്സ:2:3, ആധുനിക വിവർത്തനം) ഇതിന്റെ അർത്ഥം എന്തെന്നാൽ ക്രൈസ്തവ സഭ തന്റെ ആശയങ്ങൾക്കും മറ്റു വിശ്വാസ ഉപദേശങ്ങൾക്കും എതിരായ നവീന ഉപദേശത്തെ സ്വീകരിക്കുമെങ്കിൽ അതിനെ വിശ്വാസദ്രോഹം എന്ന് പറയും. ഈ അടുത്ത കാലങ്ങളായി സി.എസ്.ഐ ഉപദേശങ്ങളിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ നിങ്ങൾ ശ്രദ്ധിക്കണം. വായനക്കാരായ നിങ്ങൾ ഇനി ഞാൻ എഴുതുവാൻ പോകുന്ന കാര്യങ്ങളെ ജാഗ്രതയോടെ ശ്രദ്ധിക്കണം. ഡോ. പുഷ്പരാജ് ഇങ്ങനെ എപ്പോഴും കുറ്റങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കാതെ, ഇപ്പോൾ ഞാനെഴുതുന്നത് കുറച്ച് ഗൗരവമായി (സീരിയസ്സായി) ചിന്തിക്കുന്നത് നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നല്ലതായിരിക്കും.

- സിനഡ് ലെറ്റർ ഹെഡ്ഡിൽ കഴിഞ്ഞ വർഷം (2018) സി.എസ്.ഐ മോഡറേറ്റർ മോസ്റ്റ് റവ. തോമസ് കെ ഉമ്മൻ അവർകൾ ചാമ്പൽ ബുധൻ മുതൽ തുടങ്ങുന്ന 40 ദിവസ ഉപവാസനാളുകളിൽ പട്ടിണി കിടന്ന് പ്രാർത്ഥിക്കേണ്ട പ്രാർത്ഥനാകുറിപ്പുകളെ സി.എസ്.ഐ സിനഡ് വഴി എല്ലാ ഡയോസിസ് ബിഷപ്പുമാർക്കും എഴുതിയ പ്രസ്താവന ***(Personnel circulation)*** എന്ന പേരിൽ പ്രസിദ്ധീകരിച്ചു. മോഡറേറ്റർ അവർകളുടെ തെറ്റായ ഉപദേശകൽപനകളെ അന്നേ ഞാൻ വിമർശിച്ച് ജാമക്കാരനിൽ എഴുതിയത് നിങ്ങൾ വായിച്ചിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ മോഡറേറ്ററായ മോസ്റ്റ് റവ. തോമസ് കെ ഉമ്മന്റെ ആ പ്രസ്താവനയിൽ ക്രിസ്തീയ വചനങ്ങൾക്കും ക്രിസ്തീയ വിശ്വാസങ്ങൾക്കും വിരോധമായ രണ്ടു വിശ്വാസദ്രോഹ വെളിപ്പാടുകൾ കാണപ്പെട്ടു. ഒന്ന്, പരിസ്ഥിതി സംരക്ഷണം എന്ന പുതുവിഷയത്തെ ക്രിസ്തീയ സി.എസ്.ഐ സഭയിലെ വിശ്വാസകൽപനയ്ക്കുള്ളിൽ ചേർക്കപ്പെട്ടു. രണ്ട്, ലിംഗസമത്വം–***GENDER EQUITY***

1. പരിസ്ഥിതി സംരക്ഷണം എന്ന ക്രൈസ്തവ പുതുവിശ്വാസ ആശയത്തെ ആദ്യമായി ഇൻഡ്യയിൽ പ്രവർത്തനത്തിൽ കൊണ്ടുവന്നവർ ദക്ഷിണേന്ത്യാ സി.എസ്.ഐ സഭയുടെ മുൻ മോഡറേറ്റർ ***Most Rev Ryder Devapriyam*** അവർകളാണ്.



**Most Rev. Ryder Devapriyam,**



**Most Rev.**
**Thomas K. Oomman,**

2. മധ്യകേരള ഡയോസിസ് ബിഷപ്പും ഇപ്പോഴത്തെ മോഡറേറ്ററുമായ ***Most Rev. Thomas K. Oommen*** (കോട്ടയം) അവർകളും ആകുന്നു.

സി.എസ്.ഐ സഭയിലെ ഈ രണ്ടു പ്രധാനനേതാക്കളേയും എതിർ ക്രിസ്തുവിന്റെ ആളുകൾ തങ്ങളുടെ നവീന പദ്ധതികളെ ഇന്ത്യയിൽ നിറവേറ്റുവാൻ തിരഞ്ഞെടുത്ത പാത്രങ്ങളാകുന്നു.

ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ (സി.എസ്.ഐ) പരിസ്ഥിതി സംരക്ഷണം എന്ന സാമൂഹ്യസേവനത്തെ തന്റെ സി.എസ്.ഐ സഭകളിൽ **വിശ്വാസ ആശയത്തിന്റെ** ഒരു ഭാഗമായി സ്വീകരിച്ചു. http://CSI 1947.com/ECOLOGICAL-CONCERNS/UPLOADS/RESOURCES/DOCUMENTS/OIKOS-AUGUST 2015.PDF.

http://ECOLOGICAL CONCERNS, CSI 1947.com/ARCHIVIES19. പരിസ്ഥിതിസംരക്ഷണം എന്നു പറയുന്നത് നമ്മുടെ സി.എസ്.ഐ ക്രൈസ്തവ വിശ്വാസത്തിന്റെ ഒരു ഭാഗം അല്ല എന്ന് എന്നെപ്പോലെ വേറെ ആരെങ്കിലും പറഞ്ഞാൽ ഇവരെല്ലാം പാപികൾ ആകുന്നു, ഇവരെയൊക്കെ നമ്മുടെ സി.എസ്.ഐ സഭകളിൽ നിന്നും പുറത്താക്കപ്പെടേണ്ടവരാകുന്നു എന്ന് ഇവർക്ക് പറയുവാൻ യാതൊരു മടിയുമില്ല.

> "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല.
> ആങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും.
> അല്ലെങ്കിൽ ഒരുവനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും.
> നിങ്ങൽക്കു ദൈവത്തേയും മാമോനേയും സേവിപ്പാൻ കഴികയില്ല."
>
> (മത്താ: 6:24)

ഇതിനെക്കുറിച്ച് ഇവരുടെ വഞ്ചനാപരമായ വ്യാഖ്യാനം എന്തെന്നാൽ, ലോകത്തിന്റെ എല്ലാ സൃഷ്ടികളിലും ദൈവമുണ്ട് - ***SEEING GOD IN EVERY CREATION.*** വേദപുസ്തകം തന്നെ ലോകത്തിലെ എല്ലാവർക്കും ക്രിസ്ത്യാനികൾക്കും അത്യാവശ്യം എന്ന അടിസ്ഥാന വിശ്വാസചിന്തയിൽ നിന്നും ക്രിസ്തീയസഭാ വിശ്വാസികളെ പുറത്തുകൊണ്ടുവരണം എന്നുള്ള പദ്ധതി എതിർക്രിസ്തുവിന്റെ ആളുകൾ ഇപ്പോൾ സി.എസ്.ഐ


സഭയ്ക്കുള്ളിൽ നുഴച്ചുകയറ്റുവാൻ തുടങ്ങി. 2015 ആഗസ്റ്റ് മാസം അന്നത്തെ സി.എസ്.ഐ മോഡറേറ്റർ ***Most Rev.*** **ദേവാശീർവാദം** അവർകൾ ***EARTH BIBLE SERMONS (VOL-I)*** എന്ന പുസ്തകത്തെ പ്രസിദ്ധീകരിച്ചു. അതിന്റെ ആദ്യ പ്രതിയെ സി.എസ്.ഐ ***COCHIN*** ഡയോസിസ് ബിഷപ്പായ ***Rt. Rev. BAKEL NAINAN FENN (CHAIRMAN OF THE ECO-LOGICAL CONCERNS COMMITTEE OF CSI)*** അവർകൾ അത് കൈപ്പറ്റി, അതിലെ ആശയത്തെ പ്രാവർത്തികമാക്കുവാൻ തീരുമാനിച്ചു.

**Ecological activities of Church of South India(CSI)**



Church of South India

**Department of Ecological Concerns**



*Mr.Jairam Ramesh M.P., former Central Minister for Environment, inaugurated the Silver Jubilee Celebrations of the Ecological Committee of the CSI Synod on Earth Day 2017(22nd April) at the CSI Synod Centre, Chennai*

ആ പുസ്തകത്തിൽ എതിർക്രിസ്തുവിന്റെ പദ്ധതി വെളിപ്പെട്ടിട്ടുണ്ട്. അതിലെ വിവരം ഇങ്ങനെ ആരംഭിക്കുന്നു: നമ്മുടെ ദൈവമായ യേശുക്രിസ്തു ഇപ്പോൾ ഇരുന്നാൽ പ്രകൃതി പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിക്കും എന്നുള്ളത് വിവരിച്ചിട്ടുണ്ട്. ഇവരുടെ സംശയകരമായ ഈ ചോദ്യം, യേശുക്രിസ്തു ഇപ്പോൾ ഇല്ല എന്ന് ഇവർ വിശ്വസിക്കുന്നതുപോലെ കാണപ്പെടുന്നു.

***GREEN COVENANT*** (ഹരിത ഉടമ്പടി) എന്ന പേരിൽ 10 കല്പനകളെ സി.എസ്.ഐ സിനഡ് പ്രസിദ്ധീകരിച്ചു. ഇത് ***EDEN ECO-SPIRITUALITY CENTRE*** **ഒതേര** (***OTHERE)*** എന്ന സ്ഥലത്തിൽ 2017 സെപ്റ്റംബർ 1–ാം തീയതി നടന്ന ***WORLD DAY OF PRAYER FOR THE CREATION*** എന്ന കൂട്ടായ്മയിൽ ഇവർ സംബന്ധിച്ച് ഈ പുസ്തകത്തെ പ്രസിദ്ധീകരിച്ചു. ഈ പുതിയ ഉടമ്പടിയായ 10 കല്പനകളെ ഞങ്ങൾ തീർച്ചയായും കൈക്കൊള്ളും എന്ന് ഇവർ എല്ലാവരും പ്രതിജ്ഞ എടുത്തു.

മുകളിൽ കാണുന്ന ചിത്രങ്ങളിൽ ഈ തെറ്റായ ആശയങ്ങളെ രണ്ടു മോഡറേറ്റർമാരും എല്ലാ സി.എസ്.ഐ സഭകളെയും പരിചയപ്പെടുത്തുന്നതും അതിൽ ഒരു രാഷ്ട്രീയ നേതാവ് പങ്കെടുക്കുന്നതുകാണാം.

അടുത്തതായി, അതിലുള്ള രണ്ടാം കല്പനയെ ചുവടെ കൊടുക്കുന്നു.

***"KNOW THAT YOU ARE NOT TO BE "PANTHEISTIC***
***WORSHIPPING ANY OTHER IMAGE OF IDOLS,***
***BUT TO BE "PAN-EN-THEISTIC" SEEING ME IN***
***EVERY CREATION, RESPECT THE INTEGRITY OF ALL CREATIONS."***

മുകളിൽ ചേർത്തിരിക്കുന്ന വാർത്തയിൽ പിശാച് വളരെ വഞ്ചനയായി നാം ആരും വിഗ്രഹാരാധന ചെയ്യുവാൻ പാടില്ല എന്നുള്ള വാർത്തയെ ആദ്യമായി എഴുതിയിരിക്കുന്നു. ഇങ്ങനെ എഴുതിയതിന്റെ ഉദ്ദേശ്യം, ഇനി ഇവർ പറയുവാൻ പോകുന്നത് ക്രിസ്തീയ ഉപദേശം എന്ന് നാം കരുതിക്കൊളണം.

അതിന് ശേഷം എഴുതിയിട്ടുള്ള, പിശാചിന്റെ പുതിയ പദ്ധതിയെ നുഴഞ്ഞുകയറ്റുന്നത് എഴുതപ്പെട്ട വാർത്തകളിൽ ശ്രദ്ധിക്കാം. ക്രിസ്ത്യാനികളായ നാം വിഗ്രഹാരാധന നടത്താതെ പകരം ലോകത്തിലുള്ള എല്ലാ സൃഷ്ടികൾക്കുള്ളിൽ നാം ദൈവത്തെ (യേശുവിനെ) കാണണം എന്നു പറയുന്നു. ശ്രദ്ധിക്കണേ: **എല്ലാ സൃഷ്ടികളിലും ദൈവം ഉണ്ട്** എന്നുള്ളത് ക്രിസ്തീയ ഉപദേശമേ അല്ല. **ദൈവത്തിന്റെ സൃഷ്ടിപ്പ്** എന്നുപറയുമ്പോൾ **ദൈവദൂതന്മാരും** സൃഷ്ടിക്കപ്പെട്ടവരല്ലേ? ആ ദൂതൻമാരിൽ ഒരുവൻ തന്നെ ലൂസിഫർ എന്നു വിളിക്കുന്ന ദൂതൻ ആകുന്നു. എന്നാൽ സാത്താനിൽ നാം ദൈവത്തെ കാണുവാൻ സാധിക്കുമോ? ഇവരുടെയൊക്കെ അഭിപ്രായ പ്രകാരം ദൈവത്തിന്റെ സൃഷ്ടിപ്പായ ദൂതന്മാരിൽ ഒരാളായ ലൂസിഫർ എന്ന പിശാച് സി.എസ്.ഐ **ക്രിസ്ത്യാനികളെ** ആരാധിക്കുവാനും, തൊഴുവാനും, നിർബന്ധിക്കുന്ന **ഒരു വലിയ പദ്ധതിയായി** തോന്നുന്നില്ലയോ? എന്തൊരുജ്ഞാനമായ തന്ത്രമാണിത്. അടുത്ത്, എല്ലാ സൃഷ്ടികൾക്കുള്ളിലും ദൈവം ഉണ്ടെന്നാൽ യേശുക്രിസ്തുവിനെ ഇതുവരെയും അറിയാത്തവരുടെ ഉള്ളിലും, യേശുക്രിസ്തുവിനെ സ്വീകരിക്കാത്തവരുടെ ഉള്ളിലും യേശു ഉണ്ടെന്നല്ലെ അർത്ഥമാകുന്നത്. അങ്ങനെ ആയാൽ, യേശുക്രിസ്തുവിന്റെ പാപമോചന സദ്വാർത്തയെ അവർക്ക് നാം അറിയിക്കേണ്ട ആവശ്യമില്ലല്ലോ എന്നല്ലെ അർത്ഥമാകുന്നത്.

ഹരിത ഉടമ്പടയിൽ എഴുതിയിട്ടുള്ള 9–ാമത്തെ കൽപനയായി നാം എല്ലാവരും ഭൂമിയുടെ അവകാശങ്ങൾക്കുവേണ്ടി പോരാടണം എന്നു പറയുന്നു.

- കൊടൈക്കനാൽ എന്ന സ്ഥലത്ത് 2018 മാർച്ച് 7–ാം തീയതി പരിസ്ഥിതി ലന്തു ധ്യാനവാർത്താക്കുറിപ്പിൽ സി.എസ്.ഐ മോഡറേറ്റർ തോമസ് കെ. ഉമ്മൻ അവർകൾ സൂചിപ്പിച്ചിട്ടുള്ള വളരെ തെറ്റായ അറിയിപ്പ് എന്തെന്നാൽ **ഭൂമി ജീവനുള്ളത്, ഭൂമിയ്ക്കുള്ളിലും ദൈവം ഇരിക്കുന്നു** എന്നുള്ള തെറ്റായ വിശ്വാസം ഉണ്ടാക്കുന്നു. കത്തോലിക്കാ നേതാവായ പോപ്പ് അവർകൾക്കും ഈ വിശ്വാസം ഉണ്ട്. ഇദ്ദേഹം ഏതു ദേശത്ത് വിമാനത്തിൽ

നിന്നും ഇറങ്ങിയാലും ആ ദേശത്തിന്റെ മണ്ണിൽ മുഴങ്കാലിട്ട് ഭൂമിയെ വണങ്ങുന്നു. ഹൈന്ദവ തീവ്രവാദികളായ ***RSS*** കാരും ഭൂമിദേവിയുടെ പ്രതിമ ഉണ്ടാക്കി, സ്കൂൾ കുട്ടികൾ മുതൽ ഇന്ത്യയിലെ ജനങ്ങൾ എല്ലാവരും ഭൂമിദേവിയെ വണങ്ങണം എന്ന് നിർബന്ധിക്കുന്നത് നമുക്കറിയാമല്ലോ? അതുപോലെ തന്നെ **"യോഗ"**മൂലം സൃഷ്ടിയായ **സൂര്യനേയും** വണങ്ങണം എന്നും പറയുന്നു. മുകളിൽ സൂചിപ്പിച്ച മോഡറേറ്റർമാരും ബിഷപ്പുമാരും ചേർന്ന് നമ്മുടെ ***C.S.I*** സഭകളുടെ വേദപുസ്തകത്തിന്റെ അടിസ്ഥാന ഉപദേശത്തെ വ്യാജമാക്കുന്നു.

''ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ (യേശു) എന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ (റോമ:1:25) എന്ന് വചനം പറയുന്നു. പക്ഷേ ഇവരോ സൃഷ്ടിയെ ദൈവമാക്കി സി.എസ്.ഐ സഭകളെ തൊഴുവാൻ പ്രേരിപ്പിക്കുന്നു.

### ലിംഗസമത്വം – *GENDER EQUALITY*

ഇത് ഇവർ അറിയിക്കുന്ന വളരെ ആപത്തായ ഉപദേശം ആകുന്നു. ഇത് നമ്മുടെ ദൈവം വെറുക്കുന്നു. ഇപ്പോൾ ലോകപ്രകാരം സെക്സ് എന്നുള്ള വാക്കിന് ശരീരശാസ്ത്രം പറയുന്നത് ആണ് അല്ലെങ്കിൽ പെണ്ണ് എന്ന് അർത്ഥമാകുന്നു. ***GENDER*** എന്ന വാക്കിന് ശരീരശാസ്ത്ര പ്രകാരം ഒരു വ്യക്തി ആണായിട്ടോ പെണ്ണായിട്ടോ ഇരുന്നാലും ലിംഗപരമായി ഞാൻ എന്നെ ആണായിട്ടും പെണ്ണായിട്ടും മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ ആണുമല്ല പെണ്ണുമല്ല എന്ന് അടയാളപ്പെടുത്തുന്നു. അതായത് സെക്സ് എന്നുള്ളത് ശരീരപ്രകാരം ഉള്ളതാണ്. ***GENDER*** എന്നുള്ളത് വികാരപരമായുള്ളത് ആകുന്നു.

***SEXUALITY*** എന്നുള്ളത് ഞാൻ ആരെ നോക്കിയാണ് ആകർഷിക്കപ്പെടുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ്, അതായത് ഞാൻ ഒരു ആണിനെ നോക്കി ആകർഷിക്കപ്പെടുന്നുവോ അഥവാ പെണ്ണിനെ നോക്കി

ആകർഷിക്കപ്പെടുന്നുവോ? ഇത് രണ്ടും ഇല്ലാതെ (ഹിജഡ) ആണിനെയോ പെണ്ണിനെയോ നോക്കി ആകർഷിക്കപ്പെടുന്നോ എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത് അർത്ഥമാക്കുന്നത്. **വേദവചനം പറയുന്നത്:** "അവർ ഗൂഢമായി ചെയ്യുന്നത് പറവാൻപോലും ലജ്ജയാകുന്നു." (എഫെ:5:12).

- സി.എസ്.ഐ സിനഡ് ചെന്നൈ സെന്ററിൽ 2017 ആഗസ്റ്റ് മാസം 6–ാം തീയതി സി.എസ്.ഐ യിൽ ജെൻഡർ പോളിസി പരിചയപ്പെടുത്താൻ ഒരു യോഗം നടത്തപ്പെടുകയുണ്ടായി. അതിൽ പങ്കുവച്ച ചില ആശയങ്ങൾ ചുവടെ കൊടുക്കുന്നു.

***GENDER EQUALITY BEGINNING WITH THE CHURCH.....***

***THE JOURNEY CONTINUES ...........***

- ***SEX*** എന്നത് ജഢപ്രകാരമുള്ളതാണ്.
- ***GENDER*** എന്നുള്ളത് സമൂഹികമായ സ്വാധീനം കൊണ്ട് ഉണ്ടാകുന്നതാണ്. ശാസ്ത്രീയമായി പലവിധത്തിലുള്ള ***GENDER*** ഉണ്ട് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. സി.എസ്.ഐ സഭയായി നാം ഈ ലിംഗപരമായ വ്യത്യാസത്തെ ഇന്നും മനസ്സിലാക്കിയിട്ടില്ല. ആണ്–പെണ്ണ് എന്നുള്ള രീതിയിൽ നിന്നും ഒരുപടികൂടെ മുന്നോട്ട് കടന്ന് ചിന്തിച്ചാൽ ***THIRD GENDER*** നെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂവെന്നും ഇതുമായി ബന്ധപ്പെട്ട വെല്ലുവിളികളെ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂവെന്നും ഈ യോഗങ്ങളിൽ സംസാരിച്ചു. ഇവർ സംസാരിച്ച ഇങ്ങനെയുള്ള വിഷയങ്ങളെ കേൾക്കുന്നവർക്ക്, ഇവർ സംസാരിച്ചത് ന്യായമായി തോന്നിയേക്കാം. എന്നാൽ നമ്മുടെ വേദപുസ്തകം പഠിപ്പിക്കുന്നത്: ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." (ഉല്പ: 1:27), "തിന്മെക്കു നന്മ എന്നും നന്മെക്കു തിന്മ എന്നുംപേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം" (യെശ: 5:20) എന്നാണ്. സി.എസ്.ഐ മോഡറേറ്റർ തോമസ് കെ. ഉമ്മൻ അവർകൾ

സിനഡിൽ നിന്നും 2018 ൽ ലന്തുകാല ധ്യാന പ്രസ്താവനയിൽ പറഞ്ഞത്, ഇൻഡ്യയിലുള്ള സി.എസ്.ഐ സഭ എന്നുള്ളത്, ദലിതുകൾ, ആദിവാസികൾ, സ്ത്രീകൾ, കൊച്ചു കുഞ്ഞുങ്ങൾ തുടങ്ങിയ ഒതുക്കപ്പെട്ടവരായ എല്ലാവരും ഉൾപ്പെട്ടവരാണ്. നമ്മുടെ സി.എസ്.ഐ സഭയിൽ എടുക്കപ്പെടുന്ന എല്ലാ തീരുമാനങ്ങളിലും പ്രധാന ചുമതലകളിലും അധികാരത്തിലും ഇവർക്കൊന്നും സ്ഥാനമില്ല. ഇവർ മേൽ ജാതിക്കാരാൽ അടിച്ചമർത്തപ്പെട്ടവരായിരിക്കുന്നതു കാരണം ഈ പ്രശ്നങ്ങൾ ഇന്നും **പോരാട്ടത്തിൽ** തന്നെ ആയിരിക്കുന്നു. ഈ പ്രശ്നങ്ങൾ CSI/CNI സഭയിലെ എല്ലാ ഡയോസിസിലും ഉണ്ട്. ഈ അവസ്ഥയിൽ നമ്മുടെ സി.എസ്.ഐ സഭകളിൽ ഈ വ്യത്യാസമായ ***GEN-DER*** (ഹിജഡകൾ, സ്വവർഗ്ഗ രതിക്കാർ) ആയവർക്ക് പരസ്യമായി ***(SEXUAL IDENTITY)*** സ്ഥാനമൊന്നും കൊടുക്കുന്നില്ല. മാത്രമല്ല സാധുക്കളും ധനവാൻമാരും ഇവർക്കിടയിൽ കാണപ്പെടുന്ന വിടവും നമ്മുടെ ഡയോസിസുകളിൽ ഇനിയും ശരിയാക്കിയിട്ടില്ല.

***http://csi 1947.compastoral concerns/uploads/resources/documents/1 entenmeotation 2018.pdf***

- ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് എന്തെന്നാൽ ഇതുവരെ നമ്മുടെ സഭകൾക്കുള്ളിലും രഹസ്യമായി അറിയപ്പെട്ട സോദോംഗൊമോറയിലെ പാപങ്ങളെ പ്രകൃതി വിരുദ്ധമായ ലൈംഗിക ബന്ധമുള്ള വ്യക്തികളെ നാം സി.എസ്.ഐ സഭയിൽ പരസ്യപ്പെടുത്തി ഇവർ മൂന്നാമത്തെ ***GENDER*** വർഗ്ഗക്കാർ എന്ന് സഭയിൽ പരിചയപ്പെടുത്തണം എന്ന് പറയുന്നു. ലോകത്തിലും ഇൻഡ്യാ ഗവൺമെന്റിലും ഇങ്ങനെയുള്ളവരെ ഉൽസാഹപ്പെടുത്തുവാൻ ഇങ്ങനെയുള്ളവർക്ക് പലവിധ പദവികൾകൊടുത്ത് സർക്കാർ ജോലിയിൽ പോലീസ് ഓഫീസറായിട്ടും ഉയർത്തുന്നതുപോലെ നമ്മുടെ സഭയിലും അച്ചനായിട്ടോ സഭാക്കമ്മറ്റിയിൽ സ്ത്രീകൾക്ക് സ്ഥാനം കൊടുക്കുന്നതുപോലെ മൂന്നാം ലിംഗക്കാർക്കും സഭയിൽ സംവരണം കൊടുക്കണം. അത് സി.എസ്.ഐ സഭയിൽ പ്രവർത്തിയിൽ കൊണ്ടുവരണം എന്ന് ഈ കമ്മിറ്റി പറഞ്ഞതായി

അറിയുവാൻ കഴിഞ്ഞു. ഇതിന് ഈ കമ്മിറ്റി നൽകിയിരിക്കുന്ന പേര് *"INCLUSION"* എന്നാണ്.

- ഇങ്ങനെ മൂന്നാം ലിംഗക്കാരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ വായനക്കാരായ നിങ്ങളും അറിയണം. ***http://christainnews.net/2019/01/02/newyork-citys-gender-neutral-birth-certificate-option-into-effect/***

**വാർത്തകൾ**

1. ***New york citys gender neutral birth certificate option goes into effect: New York***

   മുകളിലുള്ള ഇംഗ്ലീഷ് പത്രത്തിൽ വന്ന വാർത്തകൾ എന്തെന്നാൽ, ന്യൂയോർക്ക് നഗരത്തിൽ ജനിച്ചവർ ജനന സർട്ടിഫിക്കറ്റിൽ തങ്ങളുടെ സെക്സ് വർഗത്തെമാറ്റിക്കൊള്ളാം. ***Male, Female*** (ആണ്–പെൺ) എന്ന് സൂചിപ്പിക്കുവാൻ ഇഷ്ടപ്പെടാത്തവർ ***X*** എന്ന് അടയാളമിട്ട് തങ്ങളുടെ സെക്സ് കോളം പൂരിപ്പിക്കാം.

2. അമേരിക്കയിലെ ചിക്കാഗോ സിറ്റിയിൽ ഉള്ള ***YMCA*** സ്ഥാപനം അവിടെ വരുന്ന ആണുങ്ങളും പെണ്ണുങ്ങളും വസ്ത്രം മാറ്റുന്ന മുറികൾ ***(LOCKER ROOM)*** മൂന്നാം ലിംഗക്കാരും ഉപയോഗിക്കണം എന്ന് നിയമം പാസ്സാക്കിയിരിക്കുന്നു. അങ്ങനെ ഉപയോഗിക്കുമ്പോൾ ഈ മൂന്നാം ലിംഗക്കാർക്കും വികാരം ഉണ്ടല്ലോ? അങ്ങനെ പല തെറ്റുകളും അവിടെ സംഭവിക്കുവാൻ സാധ്യതയുണ്ട്. അതിനെ സി.എസ്.ഐ സഭയിലും അനുവദിച്ചാൽ എന്തെല്ലാം ദുഷ്കാര്യങ്ങൾ ഉണ്ടാകുമെന്ന് സങ്കൽപിക്കുമ്പോൾ വല്ലാത്ത ഭയം തോന്നുന്നു.

   ***https://christiannews.net/2016/07/19 chicago_ymca_changes_guide_lines_to_allow_boys_to_use_girls_locker_rooms_vice_versa***

**ഇൻഡ്യയിൽ നടന്ന സംഭവം**

3. <u>തമിഴ്നാട്ടിലെ ഒരു മെയിൻ</u> ലൈൻ സഭയിൽ അരപട്ടം ലഭിച്ച സ്ത്രീ അച്ചനായ ഒരാളെ ബിഷപ്പ് അവർകൾ സഭയിൽ വികാരിയച്ചന്റെ

സഹായിയായി ഏർപ്പാടു ചെയ്തു. അത് ഒരു ചെറിയ സഭയാണ്. സ്ത്രീകളായ അച്ചൻമാരെ ആ സഭക്കാർക്ക് ആദ്യം ഇഷ്ടപ്പെട്ടില്ല. പക്ഷേ അവരുടെ പ്രസംഗം, പ്രാർത്ഥന, ഭവനസന്ദർശനം തുടങ്ങിയ പ്രവർത്തികളെ കണ്ടപ്പോൾ സഭക്കാർക്ക് അവരെ വളരെ ഇഷ്ടപ്പെട്ടു. ആറുമാസക്കാലം സഭ വളരെ നല്ല രീതിയിൽ നടത്തപ്പെട്ടു. ഒരു ദിവസം ഞായറാഴ്ച ആരാധന കഴിഞ്ഞശേഷം ആ സ്ത്രീ അച്ചൻ സ്ത്രീകളുടെ ടോയ്‌ലറ്റിലേയ്ക്ക് പോയി. അൽപസമയത്തിനുശേഷം ചർച്ച് ക്വയറിലെ പെൺകുട്ടികൾ അതേ ടോയ്‌ലെറ്റിൽ പോയി. ഉള്ളിൽ പോയ പെൺകുട്ടികൾ ഭയന്നുവിറച്ചു നിലവിളിയോടെ പുറത്തുവന്നു. തങ്ങളുടെ മാതാപിതാക്കളെ വിവരമറിയിക്കുകയുണ്ടായി. ഈ സ്ത്രീ അച്ചൻ പതിവില്ലാതെ നിന്നുകൊണ്ട് മൂത്രമൊഴിച്ചത് ഈ പെൺകുട്ടികൾ കണ്ടു. അപ്പോൾ സഭക്കാർ ഒന്നുചേർന്ന്, ബിഷപ്പ് നമ്മെ വഞ്ചിച്ചുവെന്നും, സ്ത്രീ അച്ചൻ ഒരു ഹിജഡ ആണെന്നും പറഞ്ഞു ബഹളം ഉണ്ടാക്കി. നാട്ടുകാരും സഭക്കാരും ഈ അച്ചനെ ആക്രമിച്ചു. സഭയ്ക്കുള്ളിലും ബഹളമുണ്ടായി. സാധനങ്ങളെല്ലാം തകർക്കപ്പെട്ടു. ഒടുവിൽ പോലീസ് വന്ന് അവരെകൂട്ടിക്കൊണ്ടുപോയി. ലോകത്തിൽ പല സഭകളിലും സ്വവർഗ്ഗരതിക്കാരെ അച്ചൻമാരാക്കിയിട്ടുണ്ട്. സ്ത്രീയും സ്ത്രീയും തമ്മിലുള്ള വിവാഹം നടത്തിയിട്ടുണ്ട്. പക്ഷേ ലോകത്തിൽ ഹിജഡകളെ ആരും അച്ചനാക്കിയിട്ടില്ല. മൂന്നാം ലിംഗക്കാരെ സി.എസ്.ഐ സഭക്കുള്ളിൽ ചേർക്കണം എന്നുള്ള മോഡറേറ്ററുടെ തീരുമാനം നടപ്പിലാക്കിയാൽ സഭയുടെ വിശുദ്ധി ആദ്യം നഷ്ടമാകും. ക്രിസ്തീയസഭ എന്നുള്ളത് ഒരു സാമൂഹ്യസ്ഥാപനമല്ല. ക്രിസ്തു സഭയുടെ തല ആകുന്നു. ക്രിസ്തു നമ്മുടെ കയ്യിൽ പരിശുദ്ധാത്മാവ് മുഖേന എഴുതിക്കൊടുത്ത വേദപുസ്തകവും ഉണ്ട്. അതിൽ സഭയ്ക്കായി എഴുതപ്പെട്ട നിയമങ്ങളും ഉണ്ട്. സഭയും സഭാജനങ്ങളും വേദവചനത്തിനനുസൃതമായി നടക്കണം. സഭാ പുരോഹിതനും പാസ്റ്റർമാരും ബിഷപ്പുമാരും മോഡറേറ്ററും ആ വചനത്തിനനുസരിച്ച് സഭാജനങ്ങളെ വഴിനടത്തണം. ലോകമക്കൾ പോകുന്ന വഴിയിൽ ക്രിസ്തീയ സഭകളെ നടത്തിക്കൊണ്ടുപോകുവാൻ പാടില്ല. സഭയെ പണിയും എന്നുപറഞ്ഞത് യേശുക്രിസ്തുവാണ്. ആ ക്രിസ്തുവിന്റെ സഭ എങ്ങനെ ആയിരിക്കണം. ആ സഭയിൽ ആരെയൊക്കെ

ചേർക്കണം, ആരെയൊക്കെ ചേർക്കാൻ പാടില്ല എന്നു ഇതിന് വേദവചനത്തിൽ മറുപടി ഉണ്ട്. ഈ പ്രത്യേക വിഷയങ്ങളെ പഠിപ്പിക്കുവാൻ ബൈബിൾ കോളേജുകൾ സ്ഥാപിച്ചിരിക്കുന്നു. ഇവിടെ പഠിച്ച് വൈദഗ്ധ്യം ലഭിച്ചവരാണ് ഇന്ന് അച്ചൻമാരായിട്ടും ബിഷപ്പുമാരായിട്ടും മോഡറേറ്റർ ആയിട്ടും പദവികളിൽ ആയിരിക്കുന്നത്. ഇവർ സഭാജനങ്ങളെ ലോകജനതയുടെ വ്യത്യസ്ത പാതകളിൽനിന്ന് മാറ്റി അവർക്ക് പാപം എന്നാൽ എന്ത്? പാപമോചനം ലഭിക്കാതെ സ്വർഗ്ഗത്തിലേയ്ക്ക് കടക്കുവാൻ കഴിയുകയില്ല എന്നുള്ള സത്യം സഭാജനങ്ങളെ അറിയിച്ച് അവർക്കിടയിൽ ബോധവത്ക്കരണം നടത്തുവാനാണ് ഇവർ ഓരോരുത്തരേയും ഉപദേശകരായി അധികാരത്തിൽ ആക്കിയിരിക്കുന്നത്. പക്ഷേ, ഈ സഭാനേതാക്കൾതന്നെ കർത്താവ് വെറുക്കുന്ന സോദോം ഗൊമോറയിലെ പാപം സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറ്റുവാൻ ശ്രമിക്കുന്നു എന്നത് വളരെ ഖേദകരമാണ്. എന്നാൽ ഇങ്ങനെയുള്ളവരെ ആരാണ് സഭയിൽ നിന്നും പുറത്താക്കുക (Ex-Communicate).

- പാരിസ്ഥിതിസംരക്ഷണം വളരെ ആവശ്യമാണ്. ലോകം മുഴുവനും അന്തരീക്ഷമലിനീകരണം കാരണം നാശത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നു. ഇതുകാരണം, ലോകത്തിന് സംഭവിക്കുവാൻ പോകുന്ന വലിയ നാശത്തിൽ നിന്നും ഭൂമിയെ രക്ഷിക്കുവാൻ ലോകരാഷ്ട്രങ്ങൾ പ്രതിരോധ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും തുടങ്ങി പത്രമാധ്യമങ്ങളിൽ കൂടിയും ജനതയെ ബോധവത്ക്കരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ ക്രിസ്തീയസഭകളും തങ്ങളുടെ പങ്കുവഹിച്ച് സഭാവിശ്വാസികളുടെയിടയിൽ ബോധവത്ക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. ഈ വിഷയത്തിൽ ഇതെഴുതുന്ന Dr. പുഷ്പരാജിനോ മറ്റുള്ളവർക്കോ യാതൊരു അഭിപ്രായ വ്യത്യാസമോ ഇല്ല. പരിസ്ഥിതി സംരക്ഷണം വളരെ ആവശ്യമാണ്. മാത്രമല്ല അടിയന്തിരമായ നടപടികൾ എടുക്കേണ്ടതും ആവശ്യമാണ്. പക്ഷേ, ഞാൻ ഭയപ്പെടുന്നത്, ക്രിസ്തുവിന്റെ ശരീരമായ ക്രിസ്തീയ സഭയുടെ വിശ്വാസവീഥിയിൽ, വിശ്വാസ ഉടമ്പടിയിൽ, പത്തു കല്പനകളിൽ ഒന്നായിട്ട് പരിസ്ഥിതി

സംരക്ഷണത്തെ കലർത്തുവാൻ പാടില്ല. കലർത്തുവാനും സാധിക്കുകയില്ല. അത് **സാമൂഹികസേവനം**. പക്ഷേ, ഇത് ക്രിസ്തീയ ജീവിതം.

ഭൂമിയിൽ ദൈവം ഉണ്ട്. വൃക്ഷലതാദികളിൽ ദൈവം ഉണ്ട്. പ്രപഞ്ചത്തിലെ സകല സൃഷ്ടികളിലും ദൈവം ഇരിക്കുന്നു. ഇവകളെ നാം വണങ്ങണം എന്നും, ഇതിനുള്ളിൽ ദൈവത്തെ കാണണമെന്നും പറയപ്പെടുന്ന എതിർക്രിസ്തുവിന്റെ വഞ്ചനാപരമായ ഉപദേശത്തെ CSI സഭകളിൽ നുഴച്ചുകയറ്റുവാൻ സഭാതലവൻമാർ തങ്ങളെ പിശാചിന് വിറ്റുകളഞ്ഞുവല്ലോ? ഇവരുടെ ഈ പ്രവർത്തനം മനസ്സിനെ വല്ലാതെ വിഷമിപ്പിക്കുന്നു. അത് ഭയം ഉണ്ടാക്കുന്നു.

### ലിംഗസമത്വം

മുകളിൽ സൂചിപ്പിച്ച പരിസ്ഥിതി സംരക്ഷണം ക്രിസ്തീയ സഭയുടെ അടിസ്ഥാനവിശ്വാസ കൽപനകളിൽ ഒന്നായി ചേർക്കപ്പെടണം എന്നും ലിംഗസമത്വം എന്ന പേരിൽ മൂന്നാം ലിംഗക്കാരെ CSI സഭകൾക്കുള്ളിൽ പരസ്യമായി സഭാജനങ്ങൾ തിരിച്ചറിയുവാൻ സാധിക്കത്തക്കവണ്ണം CSI സഭകൾക്കുള്ളിൽ ഇരുത്തണം എന്ന ഇവരുടെ ഈ ആലോചനകളെ ദൈവം സഹിക്കുമോ? ഇതിന്റെയെല്ലാം അവസാനം ഒരു ന്യായവിധി ഉണ്ട്. ഈ ന്യായവിധിയിൽ ***EARTH BIBLE SERMONS*** അല്ലെങ്കിൽ ***GREEN COVENANT*** മാതിരിയുള്ള പുസ്തകങ്ങൾ അവിടെ വരികയില്ല. ന്യായവിധിയിൽ നമ്മുടെ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലാണ് ന്യായം വിധിക്കുന്നത്. ***CSI CONSTITUTION*** നോ ***PENTECOSTAL CONSTITUTION*** നോ എന്നും അവിടെ ദൈവം നോക്കുന്നില്ല. ഈ വേദവചന പ്രകാരം ജീവിച്ചുവോ, ഈ വേദവചന പ്രകാരം സഭ നടത്തിയോ എന്നാണ് ദൈവം ചോദിക്കുന്നത്. നമ്മുടെ സ്വന്ത ഇഷ്ടത്തിന് സഭയെ നടത്തുവാനല്ല ദൈവം നമ്മെ ഇടയനായിട്ടോ പാസ്റ്ററായിട്ടോ

വലിയ ഇടയനായിട്ടോ നിയമിച്ചത്. ലോകത്തിന്റെ വേഷം നാം ധരിക്കുവാൻ പാടില്ല. ദൈവത്തിന്റെ ആത്മാവ് ഇത് വായിക്കുന്ന എല്ലാവരേയും സത്യത്തിലും ആത്മാവിലും വഴി നടത്തുമാറാകട്ടെ. ഈ ആലോചനയെ ഉപേക്ഷിക്കുന്നവർക്ക് ദൈവത്തിന്റെ ശിക്ഷ തീർച്ചയായും ഉണ്ടാകും.

"ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുവാൻ നികൃഷ്ട ബുദ്ധിയിൽ ഏല്പിച്ചു." (റോമ: 1:28)

ഏപ്രിൽ മാസ മാസികയിൽ നമ്മുടെ സി.എസ്.ഐ സഭയുടെ ചരിത്രം, ആഗ്ലിക്കൽ സഭയുടെ ഉപദേശം, ബിഷപ്പുമാരുടെ സ്ഥാനം ഉണ്ടായവിധം, പൊതുവെ സഭാചരിത്രമായി ഞാൻ എഴുതുവാൻ പോകുന്നത് പ്രിയ വായനക്കാർ തീർച്ചയായും അറിഞ്ഞിരിക്കണം. ഇത് വായിക്കുന്ന വായനക്കാർക്കും എന്റെ ദൈവവേലയെ 52 വർഷങ്ങളായി പ്രാർത്ഥനയായും സംഭാവനകളായും താങ്ങി നിർത്തുന്ന എല്ലാ ജാമക്കാരൻ കുടുംബങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ. ഒരു പക്ഷെ, സഭാ നേതാക്കളെക്കുറിച്ച് ഇങ്ങനെ എഴുതുന്നതുകൊണ്ട് ബിഷപ്പുമാരുടേയും മോഡറേറ്ററുടെയും വെറുപ്പും ദേഷ്യവും എന്റെ മേൽ ഉണ്ടാകും.

**അവർക്കുവേണ്ടിയും ഞാൻ പ്രത്യേകമായിട്ട് പ്രാർത്ഥിക്കുന്നുണ്ട്. "എന്റെ ദൈവമേ, ഇതു എനിക്കായി ഓർക്കണമേ; ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിനും അതിലെ ശുശ്രൂഷയ്ക്കും വേണ്ടി ചെയ്ത എന്റെ സൽപ്രവൃത്തികളെ മായ്ച്ചു കളയരുതേ." (നെഹ:13:14)**

# കന്യാകുമാരി CSI ഡയോസിസ്

## കുട്ടക്കോട് പാസ്റ്ററേറ്റ് ഐക്യകൺവെൻഷൻ







കന്യാകുമാരി ***CSI*** ഡയോസിസിൽ കുട്ടക്കോട് ഡിസ്ട്രിക്ടിൽ ഉള്ള എല്ലാ ***CSI*** സഭകളും ചേർന്ന് നടത്തിയ ഐക്യ കൺവെൻഷൻ 2019 ഫെബ്രുവരി മാസം വളരെ അനുഗ്രഹമായി നടത്തപ്പെട്ടു. ഡിസ്ട്രിക്ട് ചെയർമാൻ അച്ചൻ റവ. ജോനാഥാൻ അവർകളും അസിസ്റ്റന്റ് അച്ചനും മറ്റെല്ലാ ***CSI*** അച്ചന്മാരും അവരവരുടെ സഭാംഗങ്ങളോടും കൂടി ഈ യോഗങ്ങളിൽ സംബന്ധിച്ചു യോഗത്തിൽ സംബന്ധിച്ച എല്ലാപേരും വചനത്തെ ശ്രദ്ധിച്ചത് കണ്ടപ്പോൾ എനിക്കും കൂടുതൽ സമയം പ്രസംഗിക്കാൻ ഉത്സാഹം ഉണ്ടായി. ദൈവനാമം മഹത്വപ്പെട്ടു. കർത്താവിനു മഹത്വം ഉണ്ടാകട്ടെ.

# ദക്ഷിണകേരള മഹായിടവക (*CSI*) പേയാട്

## ഡിസ്ട്രിക്ട് *CSI* (മിഷണറി പ്രതിഷ്ഠം കൺവെൻഷൻ)



**Presbyter : Rev. M.S. SWINGLY**

തിരുവനന്തപുരം പേയാട് *CSI* സഭാകൺവെൻഷൻ വളരെ അനുഗ്രഹപ്രദമായി നടന്നു ഈ മിഷനറി പ്രതിഷ്ഠായോഗത്തിന് ദക്ഷിണ കേരള മഹായിടവക ബിഷപ്പ് റൈറ്റ്. റവ. ധർമ്മരാജ് റസാലം അവർകൾ അദ്ധ്യക്ഷം വഹിച്ചു. *CSI* സഭ അയക്കുന്ന മിഷനറിമാരെ പ്രതിഷ്ഠിച്ചു പ്രാർത്ഥിച്ചു.

ബിഷപ്പ് അവർകൾ പ്രസംഗിക്കുമ്പോൾ താൻ അച്ചനാകുന്നതിനു മുമ്പ് മിഷനറി പ്രവർത്തനത്തിന് ആന്ധ്രായിൽ എട്ടൂർ നഗരം എന്ന ചെറിയ ആദിവാസി ഗ്രാമത്തിൽ മിഷനറിയായി ഡയോസിസ് മുഖാന്തരം അയക്കപ്പെട്ടു. അപ്പോഴാണ് ഞാൻ ഡോ. പുഷ്പരാജ് അവർകളെ പരിചയപ്പെട്ടത്. അദ്ദേഹത്തിന്റെ എളിമത്വം ആ ആദിവാസികളുടെ വനത്തിൽ സുവിശേഷം അറിയിച്ചത് എനിക്കൊരു നല്ല പാഠമായി.

ആ ഗ്രാമത്തിലെ ജനങ്ങളോട് റവ. ജോൺ വിക്ടർ അച്ചൻ തെലുങ്കിൽ പരിഭാഷപ്പെടുത്തി. ഗ്രാമത്തിലെ ജനങ്ങൾക്കു മനസ്സിലാക്കുവാൻ തക്കവണ്ണം അദ്ദേഹത്തിന്റെ പ്രസംഗം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ *CSI* സഭയടെക്കുറിച്ചുള്ള എരിവ് അതാണ് ഈ പ്രശ്നങ്ങളുടെ നടുവിലും തുടർന്നും എല്ലാപേരും അദ്ദേഹത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് എന്ന പുകഴ്ത്തിപറഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. യോഗത്തിൽ ഡയോസിസിന്റെ വൈസ് ചെയർമാൻ റവ. സെൽവരാജ് അച്ചനും ഡയോസിസ് സെക്രട്ടറി ഡോ. റോസ്ബിസ്റ്റ് അവർകളും സംബന്ധിച്ചയോഗം അനുഗ്രഹപ്രദമായിരുന്നു. ഇടവകഅച്ചൻ റവ....... അവർകൾ പ്രാർത്ഥനയോടു യോഗഏർപ്പാടുകൾ ചെയ്തിരുന്നു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street,<br>Old Suramangalam,<br>Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam.<br>Salem - 636 005 |

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated:
1.3.2019

**Dr.M.G.E.PUSHPARAJ**
Signature of Publisher & Editor

# ONLINE BANKING

**A/c Name : Dr. M.G.E.PUSHPARAJ**

(**Overseas Doners):**

**1). Bank Name : State Bank of India - Srirangapalayam Branch-SALEM-1970**
**A/c No. 10764116842, Swift code: SBININBB637**

**(India Doners):**

**IFSC CODE : SBIN0001970- A/c No.10764116842**

---

2) **Bank Name: CANARA BANK, (Suramangalam Branch) - 1219**

(**Overseas Doners):**

**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

(**India Doners):**

**IFSC CODE : CNRB0001219 - A/c No. 1219101013622,**
**MICR CODE: 636015005.**

# ANGLICAN EPISCOPAL CHURCH OF INDIA (MUMBAI)

## HOME OF FAITH TAMIL CONGREGATION (THANE)



മുംബെയിൽ (താനെ) *CNI* നടന്ന യോഗങ്ങൾ അനുഗ്രഹപ്രദമാ യിരുന്നു. റവ. ജോൺ ജിരെമിയ അവർകൾ ഈ യോഗങ്ങളെ പ്രാർത്ഥനയോടു ഏർപ്പാടുചെയ്തിരുന്നു. ഈ സഭ തുടങ്ങി 60 വർഷങ്ങളായി ഇലക്ഷൻ ഇല്ലാതെ നടക്കുന്നത് ഒരു നല്ല മാതൃകയാണ്. ജനാധിപതൃരീതിയിൽ സഭാ ഡീക്കൻമാരെ ഇവർ ഏകമനസ്സോടു തിരഞ്ഞെടുത്തു. സമാധാനത്തോടു സഭ നടത്തുന്നു. ഈ സഭയ്ക്കു രണ്ടു ഉപസഭകൾ ഉണ്ട്. സഭാജനങ്ങൾ എല്ലാപേരും വചനത്തെ നല്ലവണ്ണം അറിഞ്ഞവരും വചനവ്യാഖ്യാനങ്ങളെ




അറിയാൻ താല്പര്യമുള്ളവരും ആയിരിക്കുന്നതുകണ്ട് ഞാൻ ദൈവത്തെ സ്തുതിച്ചു. ഒരു ദിവസം കൂടുതലായി ഞാൻ അവിടെ താമസിച്ചു. അന്നത്തെ ദിവസം പൊതുയോഗം ഹിന്ദി തർജ്ജിമയോടെ ഏർപ്പാടു ചെയ്തിരുന്നു. കാളിയേയും ദുർഗ്ഗായെയും ആരാധിക്കുന്ന ഒരു വലിയ കൂട്ടം യോഗത്തിൽ സംബന്ധിച്ചു. അവരുടെ



മതത്തെയോ ദൈവത്തെയോ കുറിച്ചു സംസാരിക്കാതെ ക്രിസ്തുവിനെക്കുറിച്ചുമാത്രം സംസാരിച്ചത് അവർക്കു വലിയ സന്തോഷം ഉണ്ടാക്കി. ***RSS,*** ശിവസേന ഇവരാരും പ്രശ്നം ഉണ്ടാക്കാതെ അവരെയെല്ലാം ശാന്തമായി കർത്താവിന്റെ വചനത്തെകേട്ടു. ദൈവനാമം മഹത്വപ്പെട്ടു.

## TRIBAL MISSION ANNUAL CONVENTION

**നാഗർകോവിൽ (പുതുക്കുടി)**



സമയം : 2019 മേയ് 10, 11, 12

സ്ഥലം : *CSI* പുതുക്കുടി, പാസ്റ്ററേറ്റ് ചർച്ച് (നാഗർകോവിൽ)

പ്രാസംഗികർ : ***Dr. K.* മുരളീധർ** (ആനക്കട്ടി)
ജനറൽ സെക്രട്ടറി (ട്രൈബൽ മിഷൻ)

***Dr.* പുഷ്പരാജ്** (സേലം)



*കൂടുതൽ വിവരങ്ങൾക്ക് :* **റവ. എൻ. ജബിൻ** ***CSI*** പുതുക്കുടി പാസ്റ്ററേറ്റ് ചർച്ച് നാഗർ കോവിൽ,

ഫോൺ : 9443432661

**APRIL - 2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.